**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**
**ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ.ജി, ന്യായാധികാരി**
**2025 –മാണ്ട് ഡിസംബർ മാസം 24–)o തീയതി**

# CMP 788/2025 IN MC 67/2025

| | | |
|---|---|---|
| ഹർജിക്കാരി | : | റഹ്മത്ത് , W/o. നൗഫൽ,<br>ദേവസ്വം പർലിൽ, പഴയ നടക്കാവ് റോഡ്,<br>കാക്കാഴം, വണ്ടാനം പി.ഒ, അമ്പലപ്പുഴ വില്ലേജ്,<br>അമ്പലപ്പുഴ പഞ്ചായത്ത്, അമ്പലപ്പുഴ താലൂക്ക്,<br>ആലപ്പുഴ – 688 005<br>(അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ പരിധി)<br>(പ്രതിനിധീകരിക്കുന്നത് അഡ്വ. എൻ. ശിവൻകുഞ്ഞ്) |
| എതൃകക്ഷി | : | നൗഫൽ, S/o. ടി എസ് ഖാലിദ്,<br>ദേവസ്വം പർലിൽ, പഴയ നടക്കാവ് റോഡ്,<br>കാക്കാഴം, വണ്ടാനം പി.ഒ, അമ്പലപ്പുഴ വില്ലേജ്,<br>അമ്പലപ്പുഴ പഞ്ചായത്ത്, അമ്പലപ്പുഴ താലൂക്ക്,<br>ആലപ്പുഴ – 688 005<br>(അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ പരിധി) |

2005 ലെ ഗാർഹികപീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമത്തിലെ 23 വകുപ്പ് പ്രകാരമുള്ള ഈ ഹർജി ഏകപക്ഷിയമായി വാദം കേട്ടതിൽ ഈ കോടതി 24.12.2025 ൽ ടി നിയമത്തിൽ 23(2) വകുപ്പ് പ്രകാരം ഇടക്കാലമായി പുറപ്പെട്ടവിക്കുന്ന

## ഉത്തരവ്

1. ഹർജിക്കാരി ഭാഗം വാദം കേട്ടു. രേഖകൾ പരിശോധിച്ചു. ഹർജിക്കാരി ഭാഗം വാദം കേട്ടതിൽ വെച്ച് പ്രഥമ ദൃഷ്ട്യാ ഗാർഹിക പീഡനം നടന്നിട്ടുണ്ട് എന്ന് ബോധ്യം വന്നിരിക്കുന്നു. എതൃകക്ഷിക്ക് നോട്ടീസ് അയക്കുന്നതിനുള്ള കാലതാമസം ഈ ഹർജിയുടെ ഉദ്ദേശത്തെ പരാജയപ്പെടുത്തും എന്നതിൽ എതൃകക്ഷിക്കെതിരെ താഴെ പറയും വിധം ഇടക്കാല ഉത്തരവ് ആയിരിക്കുന്നു.

2. ഹർജിക്കാരിയും എതൃകക്ഷിയും താമസിക്കുന്ന "ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ അമ്പലപ്പുഴ വില്ലേജിൽ അമ്പലപ്പുഴ പഞ്ചായത്തിൽ 12-)ം വാർഡിൽ, കാക്കാഴം, പഴയ നടക്കാവ് 429-)ം നമ്പർ ദേവസ്വം പർലിൽ വീട്ടിൽ" നിന്നും ഹർജിക്കാരിയെ ഇറക്കിവിടരുതെന്നും, ഹർജിക്കാരിയുടെ സമാധാന ജീവിതത്തിന് തടസ്സം ഉണ്ടാക്കുന്നതിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള ഉപദ്രവമോ ഭീഷണിയോ വാക്കാലോ മാനസികമായോ ശാരീരികമായോ ഉപദ്രവിക്കുന്നതിൽ നിന്നും എതൃകക്ഷിയെ വിലക്കി 2005 ലെ ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്നതിനുള്ള നിയമം 18(a), 19(a) വകുപ്പുകൾ പ്രകാരം ഉത്തരവായിരിക്കുന്നു.

3. ടി ഉത്തരവ് അമ്പലപ്പുഴ സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് അയച്ച് കൊടുക്കേണ്ടതും ടിയാൻ ഈ ഉത്തരവ് നടപ്പിലാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2025 ഡിസംബർ മാസം 24 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**